പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1355

21.03.2012 ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പഠിക്കുന്നതിനുള്ള സമിതിയുടെ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സംഘം, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനം പഠിക്കുവാൻ സമിതിയെ രൂപീകരിച്ചിട്ടുണ്ടോ; | എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| ബി) സമിതിയുടെ ഘടനയും ടേംസ് ഓഫ് റഫറൻസും എന്തൊക്കെയാണ്; | ബി) സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>1. അഡ്വ.കരകുളം കൃഷ്ണപിള്ള -ചെയർമാൻ<br>2. അഡ്വ.ഫിലിപ്പോസ് തോമസ്-അംഗം<br>3. അഡ്വ.ജോയി തോമസ് - അംഗം<br>4. ശ്രീ.അബ്ദുൾ ഹമീദ് - അംഗം<br>5. ശ്രീ. ജോയി എബ്രഹാം(എക്സ്.എം.എൽ.എ) അംഗം<br>6. ശ്രീ. മനയത്ത് ചന്ദ്രൻ -അംഗം<br>7. ശ്രീ.എച്ച്.എം.ഷാരിയർ -അംഗം<br>8. അഡ്വ.എം.എം. രാജപ്പൻ - അംഗം<br><br>പ്രസ്തുത കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് ചുവടെ ചേർക്കുന്നു.<br><br>1. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന സഹകരണ മേഖലയിലെ ബാങ്കുകളുടെ പ്രവർത്തനം പഠിച്ച് ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതരത്തിലുള്ള പ്രവർത്തനം നടത്തുന്നതിന് പ്രയോഗിക ശുപാർശകൾ നൽകുക.<br>2. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്തും, സംസ്ഥാനം നാളിതുവരെ ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും |

സംരക്ഷിക്കുന്നതിനും അനുയോജ്യമായ തരത്തിലും സഹകരണ മേഖലയിൽ വൈദ്യ നാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്ന തിനാവശ്യമായ ശുപാർശകൾ നൽകുക.

3. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന് സർക്കാർ തലത്തിൽ നൽകി യിരിക്കുന്നതും, നൽകേണ്ടതുമായ ധന സഹായത്തെ സംബന്ധിച്ച് അതിന്റെ രീതിയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക.
4. സഹകരണ സ്ഥാപനങ്ങളുടെ ഘടനാപരമായ സംവിധാനം, ക്ലാസിഫിക്കേഷൻ എന്നിവ പഠനം നടത്തി ശുപാർശകൾ നൽകുക.
5. മേൽപ്പറഞ്ഞ വിഷയങ്ങൾ നടപ്പിലാക്കുന്നതി നാവശ്യമായ നിയമനിർദ്ദേശങ്ങളും, സഹക രണ നിയമത്തിലും, മറ്റ് നിയമങ്ങളിലും ആവശ്യമായി വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചും ശുപാർശകൾ നൽകുക.
6. പഠന വിധേയമാക്കേണ്ടതാണെന്ന് കമ്മി റ്റിക്ക് ബോദ്ധ്യപ്പെടുന്ന ഇതര വിഷയങ്ങൾ.

| | |
|---|---|
| സി) എത്ര നാൾക്കകം റിപ്പോർട്ട് സമർപ്പി ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; | സി) 31.03.2012 നകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ